11. ഗുണഭോക്താക്കൾ നിയമാനുസൃതമായ പാസ്പോർട്ടിന്റെയും വിസയുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷിച്ചാൽ ടിക്കറ്റ് ചാർജ് ഉൾപ്പെടെ 60 ശതമാനം മുൻകൂറായി നൽകുന്നതാണ്. ODEPEC വഴി ടിക്കറ്റ് എടുക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ODEPEC മുഖേന അല്ലാതെ യാത്ര പോകുന്നവർ പ്രസ്തുത സഹായം ലഭിക്കുന്നതിന് അവർ യാത്ര പോകുന്ന തീയതി/ആഴ്ചയിൽ, ആ യാത്രാ നിരക്ക് ODEPEC-ന്റെ യാത്രാനിരക്കിന് സമാനമാണെന്നതിന് തെളിവ് നൽകേണ്ടതാണ്.

12. തൊഴിൽ കരാർ പ്രകാരം ഗുണഭോക്താവ് ജോലിയിൽ പ്രവേശിച്ചുവെന്നത് സംബന്ധിച്ച രേഖ തൊഴിൽ ദാതാവ് ലഭ്യമാക്കുന്ന മുറയ്ക്ക് ധനസഹായത്തിന്റെ ബാക്കി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതായിരിക്കും.അർഹതയുള്ള ഗുണഭോക്താവിന് ലഭ്യമാകുന്ന തുക ഗ്രാന്റായി നൽകുന്നതിനാൽ ആയത് തിരിച്ചടയ്ക്കേണ്ടതില്ല. ഈ പദ്ധതി പട്ടികജാതി വികസന വകുപ്പ് നേരിട്ടാണ് ഗുണഭോക്താക്കളെ കണ്ടെത്തി നടപ്പിലാക്കുന്നത്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം 201 ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

ആയുർധാര പഞ്ചകർമ്മ സെന്ററിന്റെ പ്രവർത്തനങ്ങൾ

224 (5027) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ പേരൂർക്കടയിൽ സ്ഥാപിച്ച ആയുർധാര പഞ്ചകർമ്മ സെന്ററിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ കീഴിലുള്ള തൃശ്ശൂർ അഞ്ചേരിയിലെ ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും ഈ സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(സി) അഞ്ചേരിയിലെ ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ ഉത്പാദനം പുനരാരംഭിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുവാനും അവരുടെ കുടിശ്ശിക ശമ്പളം ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പഞ്ചകർമ്മ സെന്ററിൽ ഒരു ക്ലിനിക്കും, പഞ്ചകർമ്മ ചികിത്സ ഉൾപ്പെടെ എല്ലാ ആയുർവ്വേദ ചികിത്സകളും നടത്തുന്നുണ്ട്. പ്രധാന ചികിത്സ ഇനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* ഒരു വർഷം 10 ലക്ഷം രൂപ ശരാശരി വരുമാനം ലഭിക്കുന്നുണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെകീഴിലുള്ള തൃശ്ശൂർ അഞ്ചേരിയിലെ ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ കരാർ അടിസ്ഥാനത്തിൽ 41 പേർ ജോലി ചെയ്യുന്നു. പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം ഉത്പാദനം മന്ദഗതിയിലാണ്. സ്ഥാപനം പുനരുദ്ധരിക്കുന്നതിനുള്ള പ്രോജക്ടുകൾ നിലവിൽ പരിഗണനയിലില്ല.

(സി) അഞ്ചേരിയിലെ ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ ഉത്പാദനം പുനരാരംഭിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുവാനും അവരുടെ കുടിശ്ശിക ശമ്പളം ലഭ്യമാക്കാനും മാനേജ്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ജീവനക്കാർക്ക് ശമ്പളം

225 (5028) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം പട്ടിജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ എത്ര തവണ തെരഞ്ഞെടുപ്പ് നടത്തിയെന്നും ഭരണ സമിതികളെ എത്ര തവണ പിരിച്ചുവിട്ടുവെന്നും വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഭരണസമിതികളെ പിരിച്ചുവിടാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിലെ മാനേജിംഗ് ഡയറക്ടർ, ബിസിനസ് മാനേജർ എന്നിവർക്ക് പ്രതിമാസ ശമ്പളം എത്രയാണ് ; ആയത് ഏത് വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നൽകുന്നത് ; വെളിപ്പെടുത്തുമോ;

(ഡി) ഫെഡറേഷനിലെ ജീവനക്കാർക്ക് ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ സ്ഥാപനത്തിന് സാമ്പത്തിക സ്ഥിതിയില്ലാത്ത സാഹചര്യത്തിൽ മാനേജിംഗ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.